സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

## വാർത്താക്കുറിപ്പ്

ശബരിമലയിലെ 1194-ാമാണ്ട് മണ്ഡല-മകരവിളക്ക് മഹോത്സവത്തിന്റെ മുന്നൊരുക്കങ്ങൾക്ക് തുടക്കമായി. ഇത് സംബന്ധിച്ച തീരുമാനങ്ങൾ 29, 30 തീയതികളിലായി ദേവസ്വം ബോർഡ് ആസ്ഥാനത്ത് ചേർന്ന ബോർഡ് യോഗത്തിൽ കൈക്കൊണ്ടു. ശബരിമലയിലെ മണ്ഡല-മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് ക്ഷേത്ര വഴിപാട് സാധനങ്ങളായ ഉണ്ണിയപ്പം - അരവണ എന്നിവ തയ്യാറാക്കുന്നതിന് സാധനസാമഗ്രികൾ വിതരണം ചെയ്യാനുള്ള ടെൻഡർ നടപടികൾ ജൂൺ മാസം 7 ന് തുടങ്ങും. വ്യാപാര സ്ഥാപനങ്ങളുടെ ലേല നടപടി ജൂലൈ ആദ്യവാരത്തിൽ ആരംഭിയ്ക്കാനും യോഗത്തിൽ തീരുമാനമായി. മുൻവർഷം ഈ നടപടികൾ സെപ്റ്റംബർ മാസത്തിലായിരുന്നു. ഇടുക്കിയിലെ മംഗളാദേവി ക്ഷേത്രം പുനരുദ്ധാരണം സംബന്ധിച്ച് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനങ്ങൾ അടിയന്തിരമായി നടപ്പാക്കാൻ യോഗത്തിൽ തീരുമാനമെടുത്തു. ക്ഷേത്ര പുനരുദ്ധാരണം നടത്തുന്ന ആർക്കിയോളജി വകുപ്പിന് താന്ത്രിക വിധി പ്രകാരമുള്ള കർമ്മങ്ങൾ അനുഷ്ഠിച്ച് വേണ്ട പുനരുദ്ധാരണ പ്രക്രിയകൾ ആരംഭിയ്ക്കുന്നതിന് കത്ത് നൽകിയതായും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

കൂടാതെ അപ്രകാരം പുനരുദ്ധരിക്കുമ്പോൾ കേടുപാടു വന്ന വിഗ്രഹം മാറ്റി പുതുതായി വിഗ്രഹ നിർമ്മാണം നടത്തി വിഗ്രഹ പ്രതിഷ്ഠ ക്ഷേത്ര തന്ത്രി സൂര്യ കാലടി ജയൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് നടത്തുന്നതിനും നവരാത്രി, തൃക്കാർത്തിക, ശിവരാത്രി, പത്താമുദയം എല്ലാ മാസത്തെ പൗർണ്ണമി ദിവസവും, ആട്ടവിശേഷമായ ചിത്രാപൗർണ്ണമി ദിവസവും ക്ഷേത്രത്തിൽ ഭക്തർക്ക് ദർശനത്തിനും ആരാധനയ്ക്കുമുള്ള സൗകര്യം ഉറപ്പാക്കാൻ വേണ്ട നടപടികൾ ദേവസ്വം ബോർഡ് ആരംഭിച്ചതായും വ്യക്തമാക്കി.

തിരുവനന്തപുരം
30.05.2018

പബ്ലിക് റിലേഷൻസ് ഓഫീസർ